**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** **15-03-2022 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം സർക്കാർ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം സർക്കാർ കോളേജ് സ്ഥാപിക്കാൻ എത്ര ഭൂമിയാണ് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | 5.1 ഏക്കർ |
| (ബി) | കോളേജിന്റെ വികസനത്തിനായി കൂടുതൽ ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കോളേജിന് നിലവിലുള്ള മാസ്റ്റർ പ്ലാനിൽ സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ കൂടുതൽ ഭൂമി ഏറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഇതിനായി ഏറ്റെടുക്കാൻ മറ്റ നിർമ്മിതികളൊന്നുമില്ലാത്ത ഭൂമി കോളേജിനോട് ചേർന്ന് ലഭ്യമാണ്. ഇത് സംബന്ധിച്ച് ഭൂവുടമകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഭൂവുടമകൾ സന്നദ്ധത അറിയിച്ചാൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ സ്ഥലത്തേക്കുള്ള റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | കോളേജിലേക്കുള്ള റോഡിന് നിലവിൽ 5 മീറ്റർ വീതി ഇല്ലാത്തത് കാരണം നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷാ വിഭാഗത്തിന്റെ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ റോഡിന് ഇരുവശത്തെയും ഭൂവുടമകളുടേയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചേർക്കുകയും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിൽ ഭൂവുടമകൾ ആവശ്യമായ സ്ഥലം ന്യായമായ വിലയ്ക്ക് വിട്ട് നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ